JANAYUGOM 01.01.2018

# തേനീച്ചകളുമായുള്ള ചങ്ങാത്തം ലോക റെക്കോഡിലേക്ക്

മണ്ണുത്തി: തേനിന് മധുരമാണെങ്കിലും തേനീച്ചയുടെ കുത്ത് കിട്ടുന്നത് വേദനാജനകമാണെന്ന് അനുഭവസ്ഥർക്ക് അറിയാം.

എന്നാൽ ഒരു തേനീച്ചക്കൂട്ടത്തെ മുഴുവൻ തന്റെ ശിരസിൽ വഹിച്ച് റെക്കോർഡ് സൃഷ്ടിച്ച നേച്ചർ എം എസ് എന്ന യുവാവ് തന്റെ തന്നെ റെക്കോർഡ് തിരുത്തുന്ന സംഭവത്തിനും അന്താരാഷ്ട്ര കാർഷിക പ്രദർശന മേളയായ വൈഗ 2017 വേദിയായി.

ഗിന്നസ് ബുക്കിലേക്കുള്ള പുതിയ റെക്കോർഡിലേയ്ക്കുള്ള സാഹസിക പരിശ്രമം വൈഗ 2017 ലെ ഹണി പാർക്കിൽ പ്രദർശനത്തിന്റെ അവസാനദിവസമായ ഇന്നലെ രാവിലെ 7 മണി മുതൽ വൈകീട്ട് 6 മണി വരെയായിരുന്നു. തൃശൂർ ജില്ലയിലെ തേനിച്ച കർഷകനായ എം എസ് സജയകുമാറിന്റെ മകനാണ് നേച്ചർ. കർണ്ണാടകയിലെ ധാർവാഡ് കാർഷിക സർവ്വകലാശാലയിൽ മൂന്നാം വർഷ കൃഷി ബിരുദ വിദ്യാർത്ഥിയായ ഈ യുവാവിനെ അഭിനന്ദിക്കാൻ കൃഷി മന്ത്രി വി എസ് സുനിൽകുമാർ, കെ രാജൻ എംഎൽഎ എന്നിവർ പ്രദർശന വേദിയിലെത്തി. വൈഗയുടെ പുരസ്കാരം മന്ത്രി നേച്ചറിന് നൽകി.




**തേനീച്ചക്കൂട്ടത്തെ ശിരസിൽ വഹിച്ച് റെക്കോർഡ് സൃഷ്ടിച്ച നേച്ചറിന് കൃഷിമന്ത്രി വി എസ് സുനിൽകുമാർ ഉപഹാരം നൽകുന്നു**